കുന്നത്തുനാട് താലൂക്ക് ഓഫീസിൽ ജീവനക്കാർ എത്തിയില്ലെന്ന് പരാതി

പെരുമ്പാവൂർ: കുന്നത്തുനാട് താലൂക്ക് ഓഫീസിൽ തിങ്കളാഴ്ച ഉദ്യോഗസ്ഥർ കുറഞ്ഞതിനാൽ താലൂക്കാഫീസിൽ വിവിധ ആവശ്യങ്ങളുമായി എത്തിയവർ വലഞ്ഞെന്ന് പരാതി. ജീവനക്കാരിൽ ഒരുവിഭാഗം ശനിയാഴ്ച വിനോദ യാത്ര പോയിരുന്നു. യാത്രാ ക്ഷീണം മൂലം ഇവർ അവധിയെടുത്തതാണ് കാരണമെന്ന് പറയുന്നു. വന്നവരിൽ തന്നെ കുറച്ചുപേർ എറണാകുളത്ത് നടന്ന യൂണിയൻ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയെന്നാണ് ആരോപണം. അതേസമയം 75 ഓളം ജീവനക്കാരുള്ള ഓഫീസിൽ 14 പേരാണ് തിങ്കളാഴ്ച അവധിയെടുത്തതെന്ന് തഹസിൽദാർ താജുദ്ദീൻ പറഞ്ഞു. എറണാകുളത്ത് സമ്മേളനത്തിന് പോയവർ കളക്ടറുടെ അനുമതി വാങ്ങിയാണ് പോയത്. ജീവനക്കാരിൽ ഒരു വിഭാഗം മാത്രമാണ് വിനോദ യാത്ര പോയത്. തിങ്കളാഴ്ച താലൂക്ക് ഓഫീസിലെത്തിയ ആരുടേയും ആവശ്യങ്ങൾ നടക്കാതെ പോയിട്ടില്ലെന്നും ജോലികളിൽ തടസമുണ്ടായില്ലെന്നും അദ്ദേഹം അറിയിച്ചു.

വിവിധ സ്ഥലങ്ങളിലെ കുറ്റകൃത്യങ്ങൾ ക്രമസമാധാനം തകർന്നതിന് തെളിവാണെന്ന്

ആലുവ: കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് ക്രമസമാധാനം തകർന്നെന്നതിന് തെളിവാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആരോപിച്ചു.

ഗുണ്ടാസംഘം തകർത്ത ആലുവയിലെ മഹിള കോൺഗ്രസ് നേതാവും മാധ്യമ പ്രവർത്തകയുമായ ജിഷ ബാബുവിന്റെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് സ്വന്തം വീട്ടിൽ പോലും രക്ഷയില്ലെന്ന സ്ഥിതിയാണെന്നും ഗുണ്ടകളെ പേടിച്ച് പോലീസിൽ പരാതിപ്പെടാൻ ജനം ഭയക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ആലുവയിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയാണ് ഇത്രയേറെ നാശനഷ്ടത്തിന് കാരണം. പോലീസിൽ പരാതി നൽകിയതിന്റെ പേരിൽ മണിക്കൂറുകൾക്കകം രണ്ടാമതും ആക്രമണം അഴിച്ചുവിടുകയായിരുന്നു. ജിഷാ ബാബുവിന്റെ ബന്ധുക്കൾ രണ്ടാഴ്ച മുമ്പ് നൽകിയ പരാതിയിലും ആലുവ പോലീസ് ഫലപ്രദമായ നടപടിയെടുക്കാതിരുന്നതാണ് പ്രതികൾക്ക് സൗകര്യമായത്. നടപടിയെടുക്കുന്നതിൽ വീഴ്ച്ചവരുത്തിയ പോലീസുകാർക്കെതിരേ നടപടിയെടുക്കണമെന്നും വി.ഡി. സതീശൻ ആവശ്യപ്പെട്ടു.

▪ ഗുണ്ട ആക്രമണം നടന്ന ജിഷ ബാബുവിന്റെ വീട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സന്ദർശിച്ചപ്പോൾ

ജബി മേത്തർ എം.പി, അൻവർ സാദത്ത് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷെഫീക്ക്, നഗരസഭ ചെയർമാൻ എം.ഒ. ജോൺ, കെ.പി.സി.സി ജനറൽ സെക്രട്ടറി ബി.എ. അബ്ദുൾ മുത്തലിബ്, ഡി.സി.സി ജനറൽ സെക്രട്ടറി ബാബു പുത്തനങ്ങാടി, പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, സി.പി.എം ഏരിയ സെക്രട്ടറി എ.പി. ഉദയകുമാർ, കോൺഗ്രസ് ബ്ളോക്ക് പ്രസിഡന്റ് പി.എ. മുജീബ്, ബി.ജെ.പി മണ്ഡലം പ്രസിഡന്റ് എ. സെന്തിൽകുമാർ, ജനറൽ സെക്രട്ടറി പ്രദീപ് പെരുമ്പടന്ന, വൈസ് പ്രസിഡന്റ് രമണൻ ചേലാക്കുന്ന്, എസ്.എൻ.ഡി.പി യോഗം ശാഖ പ്രസിഡന്റ് മനോഹരൻ തറയിൽ, സെക്രട്ടറി ശശി തൂമ്പായിൽ, ലത്തീഫ് പുഴിത്തറ, രാജു കുമ്പളാൻ, കെ.കെ. ജമാൽ, സി.പി. നാസർ എന്നിവർ ഉൾപ്പെടെ നിരവധി നേതാക്കൾ ജിഷ ബാബുവിന്റെ വീട് സന്ദർശിച്ചു.

സി.ബി.എസ്.ഇ: ജില്ലയിലെ സ്കൂളുകൾക്ക് നൂറുമേനി

കൊച്ചി: സംസ്ഥാന തലത്തിൽ മികച്ച വിജയം നേടിയ സി.ബി.എസ്.ഇ. പത്താംക്ളാസ്, പ്ളസ് ടു വിദ്യാർഥികൾ ജില്ലാതലത്തിലും മികച്ച പ്രകടനം ആവർത്തിച്ചു.

ജില്ലയിലെ 184 സ്കൂളുകളിൽ നൂറുശതമാനമാണ് വിജയം. പത്താം തരത്തിൽ 9400 ഓളം വിദ്യാർഥികളും പ്ളസ് ടു തലത്തിൽ 5700 ഓളം വിദ്യാർഥികളുമാണ് ജില്ലയിൽ വിജയികളായത്.

ഫസ്റ്റ് ക്ളാസ് നേട്ടം മുൻവർഷങ്ങളിലേതിലും മികച്ചതാണെന്ന് സി.ബി.എസ്.ഇ.മാനേജ്മെന്റ് സംഘടനാ നേതാവ് ടി.പി.എം. ഇബ്രാഹിംഖാൻ പറഞ്ഞു. കേരള റീജണിൽ 99.9 ശതമാനമാണ് പരീക്ഷാ വിജയം. കേരളത്തിലെ കൂടുതൽ സ്കൂളുകൾ മുമ്പന്തിയിൽ വരും. സി.ബി.എസ്.ഇ. പരീക്ഷാ പരിഷ്കാരങ്ങൾ വിജയകരമായിട്ടാണ് കേരളം നടപ്പിലാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. 1400 പരം സി.ബി.എസ്.ഈ സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്.

ദശാബ്ദത്തിന്റെ അഭിമാന വിജയം: ഡോ. ഇന്ദിര രാജൻ

കൊച്ചി: ഉന്നതപഠനനിലവാരവും ചിട്ടയായ പ്രവർത്തനശൈലിയും വിദ്യാർത്ഥികളെ പരീക്ഷകൾക്ക് മുൻകൂട്ടി സജ്ജമാക്കുന്നതുമാണ് സി.ബി.എസ്.ഇയുടെ പന്ത്രണ്ട്, പത്ത് ക്ളാസുകളിൽ രാജ്യത്തുതന്നെ ഒന്നാം സ്ഥാനം കേരളത്തിന് തുടർച്ചയായ പത്താം വർഷവും നേടിക്കൊടുത്തതെന്ന് നാഷണൽ കൗൺസിൽ ഒഫ് സി.ബി.എസ്.ഇ. സ്കൂൾസ് സെക്രട്ടറി ജനറൽ ഡോ. ഇന്ദിര രാജൻ. ഇന്നലെ ഫലം വന്ന പത്താം ക്ലാസിൽ 99.75 ശതമാനമാണ് കേരളവും ലക്ഷദ്വീപും ഉൾപ്പെട്ട തിരുവനന്തപുരം മേഖല നേടിയത്. പന്ത്രണ്ടാം ക്ളാസിൽ 99.91 ശതമാനവും വിജയം കൈവരിച്ചു. വിജയികളിൽ ബഹുഭൂരിപക്ഷവും ഡിസ്റ്റിംഗ്ഷനും സ്വന്തമാക്കി. പന്ത്രണ്ടിൽ 26 ഉം പത്തിൽ 150 പേരും മാത്രമാണ് തുടർപഠനത്തിന് അർഹത നേടാത്തത്. ജൂലായ് ആദ്യവാരം നടക്കുന്ന കമ്പാർട്ടുമെന്റൽ പരീക്ഷയിൽ ഇവർക്ക് വിജയിച്ചാൽ സമ്പൂർണവിജയം നേടുന്ന സംസ്ഥാനമായി മാറും. പത്തുവർഷം മുമ്പ് ഒമ്പത് മേഖലകളായിരിക്കെ കൈവരിച്ച ഒന്നാം സ്ഥാനം നിലവിൽ 17 മേഖലകളായി വർദ്ധിച്ചപ്പോഴും നിലനിറുത്തിയെന്ന് അവർ പറഞ്ഞു. ചിട്ടയോടെയും ശാസ്ത്രീയവുമായ പ്രവർത്തനശൈലി സ്വീകരിക്കുന്ന കേരളത്തിലെ സി.ബി.എസ്.ഇ സ്കൂളുകളുടെ മികവാണ് വിജയത്തിന് പിന്നിൽ. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ നിരന്തരമായ ഇടപെടലുകളാണ് സ്വീകരിക്കുന്നത്.

മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് ഇന്ന്

കൊച്ചി: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി 14 ന് രാവിലെ 10.30 ന് ആലുവ ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും.

നഗരത്തെ വിറപ്പിച്ച് ചത്ത കാവൽ നായക്ക് പേ സ്ഥിരീകരിച്ചു

മൂവാറ്റുപുഴ: നഗരത്തിലെ കരിഓയിൽ ശുദ്ധീകരണ കേന്ദ്രത്തിൽ നിന്ന് ചങ്ങല അഴിഞ്ഞ് പുറത്ത് വന്ന് നാട്ടുകാരേയും വളർത്ത് മൃഗങ്ങളെയും ആക്രമിച്ച കാവൽ നായക്ക് പേ വിഷ ബാധ സ്ഥിരീകരിച്ചു. നഗരസഭ വളപ്പിൽ ഇരുമ്പ് കൂട്ടിൽ സൂക്ഷിച്ചിരുന്ന നായ ഞായറാഴ്ച്ച ഉച്ചക്കാണ് ചത്തത്.

ഇന്നലെ നടത്തിയ പോസ്റ്റ്മോർട്ടത്തിലാണ് പരാക്രമം നടത്തിയത് പേപ്പട്ടിയാണന്ന് ഉറപ്പിച്ചത്. കൂട്ടിൽ അടച്ച അന്ന് മുതൽ നായ വെള്ളവും ഭക്ഷണവും ഉപേക്ഷിച്ചിരുന്നു. ചെറിയ ഇടവേളയിൽ പരാക്രമം കാണിച്ച് കൂടിന്റെ കമ്പിയിൽ കടിക്കുകയും പിന്നീട് ശാന്തനാവുകയും ചെയ്യുമായിരുന്നു. ഈ ലക്ഷണം പ്രകടിപ്പിച്ചപ്പോൾ തന്നെ പേ വിഷ ബാധ സംശയിച്ചിരുന്നു.

ഒടുവിൽ എത്തിയ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇത് ഉറപ്പിച്ചതോടെ നാടൊന്നാകെ ആശങ്കയിലാണ്. നായ കടിച്ച എല്ലാവരേയും മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഒന്നും രണ്ടും ഡോസ് ആന്റി റാബിസ് കുത്തിവയ്പ് ഇതിനകം നടത്തി. ശേഷിക്കുന്ന കുത്തിവയ്പിനുള്ള മരുന്ന് സ്റ്റോക്കുണ്ട്. കടിയേറ്റവർക്ക് പെട്ടെന്ന് തന്നെ ചികിത്സ നല്കിയതും പേവിഷ പ്രതിരോധ മരുന്നുകൾ ജനറൽ ആശുപത്രിയിൽ ലഭ്യമായിരുന്നതും ആശ്വാസത്തിന് വക നൽകുന്നതാണ്. നായയെ പിടികൂടാനായതും വഴിത്തിരിവായി. ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും കൃത്യമായ തുടർ കുത്തിവയ്പ്പുകൾ എടുക്കണമെന്നും അധികൃതർ വീണ്ടും ആവർത്തിച്ചു.

കടിയേറ്റത് ഇവർക്ക്

ഇക്കഴിഞ്ഞ ഒമ്പതിന് കാവൽ നായയുടെ കടിയേറ്റത് ഇവർക്ക്. കീച്ചേരിപ്പടി പനയ്ക്കൽ അനസിന്റെ മകൻ മുഹമ്മദ് ഫൈസൽ (12), കിഴക്കേക്കര പാലക്കാട്ട് പുത്തൻ പുരയിൽ നിയാസിന്റെ മകൾ നിഹ (12), ആട്ടായം ആര്യങ്കാല തണ്ടേൽ പരേതനായ ചന്ദ്രന്റെ മകൾ രേവതി (22), വാഴപ്പിള്ളി തൃക്ക തേക്കനാട്ട് രാജേഷിന്റെ മകൾ അഞ്ജന (21), ആസാദ് റോഡ് തേലക്കൽ യഹിയ ഖാന്റെ മകൾ മിൻഹ (16), ഹരിത കർമ്മ സേന ഗ്രീൻ ടെക്നിഷ്യൻ റാഹിയ അബ്ബാസ് (30), കൊൽക്കത്ത മുർഷിദാബാദ് സ്വദേശി അബ്ദുൾ അലി (38), പേഴക്കാപ്പിള്ളി തച്ചേത്ത് ടി. ജയകുമാർ (60), തൃക്ക പുത്തൻപുരയിൽ സരള രാജു (56).

വിറപ്പിച്ചത് നാല് വാർഡുകളെ

ചങ്ങല അഴിഞ്ഞ് പുറത്ത് എത്തിയ കാവൽ നായ വിറപ്പിച്ചത് നാലു വാർഡുകളെ. സമീപത്തെ വീട്ടിലെ വളർത്ത് നായയെ ആക്രമിച്ചായിരുന്നു തുടക്കം. പിന്നീട് ഹരിത കർമ സേന പ്രവർത്തകർക്ക് നേരെ തിരിഞ്ഞു. തുടർന്ന് ഉറവക്കുഴി ഭാഗത്തേക്ക് നീങ്ങി മദ്രസ വിദ്യാർഥികളെ കടിച്ചു. ആസാദ് റോഡിലും കരേപ്പാറത്തും കടവുമ്പാടും എത്തി കണ്ണിൽ കണ്ടവരെ എല്ലാം ആക്രമിച്ചു. പിന്നീട് ചൊറിയൻചിറ, ഗാന്ധി നഗർ, ഇ.എം.എസ്. നഗർ എന്നിവിടങ്ങൾ വഴി പുളിഞ്ചോട് കനാൽ ബണ്ട് റോഡിലെത്തി.

ഇതിനിടെ പശു, ആട് തുടങ്ങിയ വളർത്ത് മൃഗങ്ങളെ കടിച്ച് മുറിവേൽപ്പിച്ചു. കാൽനടക്കാർ, ബൈക്ക് യാത്രികൻ, നിർമാണത്തിൽ ഏർപ്പെട്ടിരുന്ന അതിഥി തൊഴിലാളി എന്നിവരെ കടിച്ച് പരുക്കേൽപ്പിച്ചു. ഇതോടെ സ്ത്രീകളും കുട്ടികളും വീടിന് പുറത്തിറങ്ങാതെ കഴിച്ച് കൂട്ടി. അഞ്ച് മണിക്കൂറിന് ശേഷം ഈ രംഗത്ത് വൈദഗ്ദ്യമുള്ള ഏറ്റുമാനൂർ കളപ്പുരക്കൽ കെ.ഡി. ജയകുമാറും ഭാര്യ ശർമിളയും എത്തി നായയെ പിടികൂടി കൂട്ടിലടച്ചതോടെയാണ് നാട്ടിലെ ഭീതി ഒഴിഞ്ഞത്. എന്നാൽ പരാക്രമം നടത്തിയത് പേപ്പട്ടിയാണന്ന് അറിഞ്ഞതോടെ നാട് വീണ്ടും ആശങ്കയിലായി.

ആശങ്ക അത്രയും തെരുവ് നായ്ക്കളെ കുറിച്ച്; നിരീക്ഷിക്കാൻ ഒരുങ്ങി നഗരസഭ

ഇക്കഴിഞ്ഞ ഒമ്പതിന് മൂവാറ്റുപുഴ നഗരസഭയിലെ നാലു വാർഡുകളിൽ മനുഷ്യരെയും വളർത്തു മൃഗങ്ങളെയും കടിച്ച് പരുക്കേൽപ്പിച്ച വളർത്തു നായക്ക് പേ വിഷ ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് നഗരസഭ ചെയർമാൻ പി.പി. എൽദോസ് അറിയിച്ചു.

നിലവിൽ വിദ്യാർഥികളടക്കം ഒമ്പത് പേർക്കാണ് നായയുടെ കടിയേറ്റിട്ടുള്ളത്. സംഭവ ദിവസം തന്നെ ഏറ്റുമാനൂരിൽ നിന്ന് പ്രത്യേക സംഘത്തെ എത്തിച്ച് നായയെ പിടികൂടി കൂട്ടിലടച്ച് നിരീക്ഷിച്ച് വരികയായിരുന്നു. ഇതിനിടെ ഞായർ ഉച്ചയോടെയാണ് നായ ചത്തത്. തുടർന്ന് തൃശ്ശൂർ മണ്ണുത്തി വെറ്റിനറി മെഡിക്കൽ കോളജിൽ എത്തിച്ച് നടത്തിയ പോസ്റ്റ്മോർട്ടത്തിൽ ആണ് നായ് പേവിഷ ബാധ ഉണ്ടായിരുന്നുവെന്ന് വ്യക്തമായതെന്ന് ചെയർമാൻ പറഞ്ഞു.

ഈ സാഹചര്യത്തിൽ ഇന്നലെ വൈകിട്ട് നാലിന് അടിയന്തര നഗരസഭ കൗൺസിൽ യോഗം വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്തു. കടിയേറ്റ മുഴുവൻ പേർക്കും ഇതിനകം രണ്ട്ഡോസ് വാക്സിൻ ലഭ്യമാക്കി കഴിഞ്ഞു. 16 നും 24 നും ആണ് ഇനി കുത്തിവെപ്പ് നൽകേണ്ടത്. ഇത് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇതോടൊപ്പം ജാഗ്രത നിർദ്ദേശത്തിന് ആയി പ്രചാരണം നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

തെരുവ് നയ്ക്കളെ പിടികൂടി ഷെൽട്ടറിൽ അടച്ച് നിരീക്ഷിക്കും

നഗരത്തിലെ മുഴുവൻ തെരുവുനായ്ക്കളെയും വീണ്ടും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കും. ഇതോടൊപ്പം വളർത്തുനായ ആക്രമണം നടത്തിയ നാലു വാർഡുകളിലെ മുഴുവൻ തെരുവുനായ്ക്കളെയും പിടികൂടി ഷെൽട്ടറിൽ അടച്ചശേഷം 10 ദിവസം നിരീക്ഷണം നടത്തും. നഗരത്തിലെ മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് നിർബന്ധമാക്കും. ഇത് സമ്പന്ധിച്ച പരിശോധനയും നടപടിയും ഇന്ന് തന്നെ ആരംഭിക്കും. നായ അടക്കമുള്ള മുഴുവൻ വളർത്ത് മൃഗങ്ങൾക്കും പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തും.

വിദ്യാഭ്യാസ മേഖലയിൽ കേരളം മുന്നിൽ: രാമചന്ദ്രൻ കടന്നപ്പള്ളി

കൊച്ചി: എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും അവരെ സജ്ജമാക്കിയ അധ്യാപകരെയും രക്ഷിതാക്കളെയും അഭിനന്ദിക്കുന്നതായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. യൂത്ത് കോൺഗ്രസ് – എസ് ജില്ലാ കമ്മറ്റി ആലുവ (കമ്പനിപ്പടിയിലുള്ള) സുൽത്താൻ വീട് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യൂത്ത് കോൺഗ്രസ് – എസ് ജില്ലാ പ്രസിഡന്റ് രഞ്ജു ചെറിയാൻ അധ്യക്ഷത വഹിച്ചു. കോൺഗ്രസ് –എസ് ജില്ലാ പ്രസിഡന്റ് അനിൽ കാഞ്ഞിലി മുഖ്യപ്രഭാഷണം നടത്തി. യൂത്ത് കോൺഗ്രസ് എസ് സംസ്ഥാന പ്രസിഡണ്ട് സന്തോഷ് കാലാ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ടിവി വർഗീസ് മാത്യൂസ്, കോലഞ്ചേരി ഐ.ഷിഹാബുദ്ദീൻ, എഐസിസി മെമ്പർ വി.വി സന്തോഷ് ലാൽ, സംസ്ഥാന നേതാക്കളായ ജയ്സൺ ജോസഫ്, ആന്ററണി സജി, നിശിൽ പി സിദ്ധാർത്ഥ്, കെഎ നാസർ, അജിത് കുമാർ എന്നിവർ സംസാരിച്ചു.

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഫ്യൂച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) പ്രകാരം റൂൾ 8(6) പ്രകാരം

സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) പ്രകാരം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പറയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 30-05-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു 30-05-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേല വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് 29-05-2024 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. , സുരക്ഷിതവസ്തുവിന്റെ/സ്ഥാവരവസ്തുവിന്റെ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയപരമായ പ്രതിനിധിയുടെ പേര്	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരതദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം
1.	9049049	ശ്രീ.സെയ്ബു തോമസ് ഡെയ്നി സെയ്ബു	രൂപ. 2,37,78,287/- 19-09-2017	രൂപ. 65,00,000/- (രൂപ അറുപത്തിയഞ്ചു ലക്ഷംമാത്രം)	രൂപ. 6,50,000/- (ആറു ലക്ഷത്തി അൻപതിനായിരം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: പട്ടിക എ- ജില്ല: എറണാകുളം, ഉപജില്ല: കുറുപ്പംപടി, തലൂക്ക്: കുന്നത്തുനാട്, ഫർക്ക: പെരുമ്പാവൂർ, വില്ലേജ്: കൊമ്പനാട്, കര: കൊമ്പനാട്, പഞ്ചായത്ത്: വേങ്ങൂർ. ഭൂവിസ്തൃതി 24.19 ആർ (60 സെന്റ്) കെട്ടിടം നമ്പർ 12/199, റീസർവ്വേ നം.: 5/1/2 താലൂക്ക്- കുന്നത്തുനാട്, വില്ലേജ് - കൊമ്പനാട്, പഞ്ചായത്ത് - വേങ്ങൂർ, ജില്ല- എറണാകുളം. അതിരുകൾ: വടക്ക്: കനാൽ, തെക്ക്: പന്തപ്പാട്ട് കല്ലട തോമസിന്റെ വസ്തു, കിഴക്ക്: ആറ്റുപുറം കുടുംബത്തിന്റെയും ബാലകൃഷ്ണന്റെയും വസ്തു, പടിഞ്ഞാറ്: പന്തപ്പാട്ട് കല്ലട തോമസിന്റെ സ്വത്ത്.

2.	TCHHL0470000100072005	ശ്രീ.പ്രദീപ് കുമാർ ടി.വി, ശ്രീമതി വിദ്യ പ്രദീപ് കുമാർ, എം./എസ്. എ വി ട്രേഡേഴ്സ്	രൂപ. 1,03,63,125/-(രൂപ ഒരു കോടി മൂന്നുലക്ഷത്തി അറുപത്തിമൂവായിരത്തി ഒരുനൂറ്റി യിരുപത്തിയഞ്ച് മാത്രം) 28-04-2022	രൂപ. 90,00,000/- (രൂപ തൊണ്ണൂറ് ലക്ഷംമാത്രം)	രൂപ. 9,00,000/- (ഒൻപത് ലക്ഷം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ: 1, ജില്ല: എറണാകുളം, , ഉപജില്ല: ഞാറക്കൽ, താലൂക്ക്: കൊച്ചി, വില്ലേജ്: പുതുവൈപ്പ്, കര: പുതുവൈപ്പ്, പഞ്ചായത്ത്: എളങ്കുന്നപ്പുഴ പഞ്ചായത്ത്, റീസർവ്വേ ബ്ലോക്ക് നമ്പർ: 10, റീസർവ്വേ നമ്പർ: 201, റീസർവ്വേ സബ്ഡിവിഷൻ: 4/2, സർവേ നമ്പർ: 1623, സർവേ സബ്ഡിവിഷൻ: 1, വിസ്തൃതി (ആർ/ ചതുരശ്ര മീറ്റർ): 8.35 ആർ, അവകാശത്തിന്റെ സ്വഭാവം തരം: ജന്മം - പുരയിടം, വിൽപ്പനക്കാരൻ തണ്ടപ്പേർ നമ്പർ: 1902 പി, വസ്തുവിന്റെ വിവരണം: കൊച്ചി താലൂക്കിലെ പുതുവൈപ്പ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് നമ്പർ 10, സർവേ നമ്പർ. 1623/1, റീ.സർവേ നമ്പർ 201/4/2 ൽ 8.35 ആർ വിസ്തീർണ്ണമുള്ള വസ്തുവും മുഴുവൻ ഭാഗങ്ങളും, ഒപ്പം എളങ്കുന്നപ്പുഴ പഞ്ചായത്തിൽ കെട്ടിട നമ്പർ 16/230 കെട്ടിടവും സഹിതം, എറണാകുളം രജിസ്ട്രേഷൻ ജില്ലയിൽ ഞാറക്കൽ സബ് രജിസ്ട്രേഷൻ ജില്ലയിൽ പ്രദീപ്കുമാർ ടി.വി.യുടെ പേരിൽ രജിസ്റ്റർ ചെയ്ത 03-01-2018 തീയതിയിലെ സെയിൽ ഡീഡ് നമ്പർ.22/2018ൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും സഹിതം. അതിരുകൾ: കിഴക്ക്: ബിന്ദുവിന്റെയും അമീനയുടെയും സ്വത്ത്, വടക്ക്: ഉണ്ണികൃഷ്ണന്റെയും ചന്ദ്രികയുടെയും വസ്തു, പടിഞ്ഞാറ്: കെ കെ മുഹമ്മദ് കൊല്ലിയിൽ വസ്തു, തെക്ക്: പഞ്ചായത്ത് റോഡും ഗീതയുടെ വസ്തുവും.

കുറിപ്പ്: ടിസിഎച്ച്എഫ്എൽ ന് എതിരെ (ഡബ്ളിയുപി/2394/2023) വായ്പക്കാരൻ സമർപ്പിച്ച റിട്ട് ഹർജി കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്, പ്രസ്തുത കേസിൽ ടിസിഎച്ച്എഫ്എൽ ന് എതിരെ സ്റ്റേ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

ബിഡ് സമർപ്പിക്കുന്നതിന് മുമ്പ് ലേലക്കാർ കൃത്യമായ സൂക്ഷ്മത പുലർത്താൻ നിർദ്ദേശിക്കുന്നു. ലേലം വ്യവഹാരത്തിന്റെ ഫലത്തിന് വിധേയമായിരിക്കും.

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർപലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽ